# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൊച്ചാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1013/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/08/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1013/2021 തീയ്യതി: 31/08/2021

## കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കരുണാകരൻഎം.ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ രാജീവൻ .സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.ഇന്ദുകല സി.വി.സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.ജാസിർ സി.എം.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ടി ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗിരിജ വി.കെ | അസി.സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) | 01-04-2019 | 25-04-2019 |
| ശ്രീ.നാരായണൻ പി | സെക്രട്ടറി | 25-04-2019 | 31-03-2020 |
| ശ്രീമതി.ഗിരിജ വി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അജിത്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ.സുധീഷ്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ശ്രീമതി.അശ്വതി ഹർഷൻ | കൃഷി ഓഫീർ | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വത്സല പി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.വിജിത സി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.കവിത | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 01-04-2019 | 03-07-2019 |
| ഡോ.ഉമ ജി.എസ് | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 04-07-2019 | 10-10-2019 |
| ഡോ.കവിത | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 11-10-2019 | 21-11-2019 |
| ഡോ.അനിത കുമാരി | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 22-11-2019 | 31-03-2020 |
| ഡോ.അബ്ദുൾറാസിക് | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്,സി | 01-04-2019 | 31-03-2020 |
| ശ്രീ.പ്രതീഷ് പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രിയങ്ക കെ.സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: N. Rajeevan (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-9 |
| 12 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-10 |
| 13 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-11 |
| 14 | വസ്തു നികുതി -അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-12 |
| 15 | വരൾച്ചാ കുടിവെള്ളവിതരണം -മേൽനോട്ടത്തിലെ അപര്യാപ്തതമൂലം പഞ്ചായത്ത്ഫണ്ടിന് അധികചെലവും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-13 |
| 16 | ജലനിധി പദ്ധതികളുടെ നവീകരണം- ആവശ്യത്തിൽ കൂടുതൽ പദ്ധതി വിഹിതം പിൻവലിച്ച് കൈമാറി<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-14 |
| 17 | ഗ്രാമപഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ-മൾട്ടി ഫങ്ഷനൽ പ്രിന്റർ വാങ്ങൽ -കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കിയില്ല. | 1-15 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | |
| 18 | തെങ്ങിന് വളം നൽകൽ-ഭൂപരിധി മാനദണ്ഡമാക്കാതെ എല്ലാവർക്കും ഒരേതരത്തിൽ ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-16 |
| 19 | അങ്കണവാടി പൂരകപോഷകാഹാരം - S.C.Pഫണ്ട് വകയിരുത്തിയതിന് വ്യക്തതയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-17 |
| 20 | ആദായനികുതി അടവാക്കുന്നതിന് തുക പിൻവലിച്ചു.വിശദവിവരം  ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-18 |
| 21 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-19 |
| 22 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-20 |
| 23 | പൊതുമരാമത്ത് പദ്ധതികളിലെ പൊതു അപാകതകൾ - മുൻ വർഷത്തെ റിപ്പോർട്ടിൽപരാമർശിച്ച അപാകതകൾ ഓഡിറ്റ് വർഷവും തുടരുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-21 |
| 24 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-22 |
| 25 | സ്പിൽ ഓവർ പ്രവർത്തികൾ സമയ ബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടമാവുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-23 |
| 26 | സമഗ്ര വിദ്യാഭ്യസ പരിപാടി- പദ്ധതിയിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-24 |
| 27 | ഗ്രാമ സുരഭി ഡയറി യൂണിറ്റ് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-25 |
| 28 | പെണ്ണാട് വിതരണം രേഖകൾ മുഴുവൻ ഹാജരാക്കിയില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വരൾച്ചാ കുടിവെള്ളവിതരണം -മേൽനോട്ടത്തിലെ അപര്യാപ്തതമൂലം പഞ്ചായത്ത്ഫണ്ടിന് അധികചെലവും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.Karunakaran (Audit Officer, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 13.02.2019 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട1 തീരുമാനം (1)/19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 17.3.2020ലെ അജണ്ട 1 തീരുമാനം(1)/2നമ്പർ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത്തരത്തിലൊരു നിർദ്ദേശം സമർപ്പിച്ചതായി കാണുന്നില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 13.02.2019 ൽ ചേർന്ന ഭരണസമിതി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ടെങ്കിലും റിവൈസ്ഡ് ബജറ്റും യഥാർത്ഥ ബജറ്റും തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ല. പഞ്ചായത്തിന്റെ ബജറ്റ് . റിവൈസ്ഡ് ബജറ്റ് എന്നിവ പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 241174300 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 90446335 രൂപ മാത്രമാണ് അതെപോലെ തന്നെ ചെലവ് ബജറ്റ് പ്രകാരം234375703 രൂപയും യഥാർത്ഥ ചെലവു 79798023 രൂപയുമാണ് . ഇതെപോലെ തന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി അന്തരമുണ്ട്. ബജറ്റ് പ്രകാരം ഓപ്പറേഷൻ & മെയിന്റനസ് വിഭാഗത്തിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് 1185000 രൂപ വകയിരിത്തിയപ്പോൾ ഈ ഇനത്തിൽ യഥാർത്ഥചെലവ് 3359471 രൂപയുമാണ്. സംരക്ഷണവും നടത്തിപ്പും ഇനത്തിൽ Bulk Purchise Of Water ഇനത്തിൽ ചെലവുള്ള 2477274 രൂപയൊന്നും ബജറ്റിൽ ചെലവു രേഖപ്പെടുത്തി കാണുന്നില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 07.12.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്ക് 04.05.2020ലെ 2/20(1) നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷികകണക്കിലെ വികസനഫണ്ട്(എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എന്നിവയുടെ വരവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള തുക | ACR പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 47,30,108 | 70,45,838 | 23,15,730 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 90,46,206 | 1,28,80,768 | 38,34,562 |
| വികസനഫണ്ട് (എസ്.സി.പി) | 47,45,280 | 53,67,544 | 6,22,264 |

2. ജലനിധി അക്കൗണ്ടിൽ(കേരള ഗ്രാമീൺ ബാങ്ക്) 11,54,295/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും, ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ

പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3. രയരോത്ത് മുക്ക് രാമല്ലൂർ റോഡ് പ്രവൃത്തിയ്ക്കായി ഇറിഗേഷൻ വകുപ്പിന് നൽകിയ 7,00,000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

4. വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്(FTE & OS) രജിസ്റ്റർ പ്രകാരം തൻവർഷ വരവ് 164200/- രൂപയാണ്. വാർഷികകണക്ക് പ്രകാരം 83100/-രൂപയും മുൻവർഷ വരവ് 71100/-രൂപയും ഉൾപ്പടെ 154200/-രൂപയാണ്. വ്യത്യാസം 12100/- രൂപ. ബാലൻസ് ഷീറ്റിൽ രജിസ്റ്റർ പ്രകാരമുള്ള 2100/- രൂപ മാത്രമാണ് കുടിശ്ശികയായി ഉൾപ്പെടുത്തിയിട്ടുള്ളൂ.

5. ലേല രജിസ്റ്ററിൽ വാർഷികസംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വെള്ളിയൂർ വലിയപറമ്പ് സാംസ്കാരിക നിലയം മേലനുഭവ ലേലം ഇനത്തിൽ വരവു വന്ന 2385/- രൂപയും അഞ്ചാംപീടിക മത്സ്യമാർക്കറ്റ് ലേലം ഇനത്തിലെ 12750/- രൂപയും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. Sale Of Tender Forms ഇനത്തിൽ 93080/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7. വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

8. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.

10. Donation To Flood ഇനത്തിൽ രജിസ്റ്റർപ്രകാരം തൻവർഷവരവ് 88,813/- രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഇത് 13087/- രൂപയേ(RP-31) ഉൾപ്പെടുത്തിയിട്ടുള്ളൂ.

11. സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ തുകകളുടെ വിവരങ്ങളും വാർഷികകണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള തുക | സേവന സ്റ്റേറ്റമെന്റ് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 5999100 | 9840600 | 3841500 |
| കർഷകതൊഴിലാളി പെൻഷൻ | 3204600 | 5245800 | 2041200 |
| ഡിസെബിലിറ്റി പെൻഷൻ | 1357500 | 2205400 | 847900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 147600 | 240000 | 92400 |
| വിധവാ പെൻഷൻ | 3644400 | 5857200 | 2212800 |

13. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 1,20,000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വാർഷികകണക്കിൽ 90,000/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

14. ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20 വർഷത്തിൽ 21,353/- രൂപ വരവുണ്ട്. വാർഷിക കണക്കിൽ 19,433/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

15. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള Other Fund രജിസ്റ്റർ, വാർഷികകണക്ക് ബി-4 ഷെഡ്യൂൾ എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 21,67,880/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury TSB JointVenture ) 7,72,950/- രൂപ മാത്രമേ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളൂ.

16. തൻവർഷം പാർട്ട് ബിൽ നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

17 വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects | 8,00,000 |

| | |
|---|---|
| (For Capital Expenditure)-District Panchayath | |
| Contribution For Joint Venture Projects<br>(For Capital Expenditure)-From Block Panchayaths | 32,880 |
| Contribution For Joint Venture Projects<br>(For RevenueExpenditure)-From District Panchayaths | 1335000 |
| ആകെ | 21,67,880 |

18. തൊഴിലുറപ്പ് പദ്ധതി രേഖകൾ പ്രകാരം Administrative വരവ് 14,60048/- രൂപയും ആകെ വരവ് 70062837/- രൂപയുമാണ്. വാർഷികകണക്കിൽ Administrative വരവ് 1561558/- രൂപയും (RP-31), ആകെ വരവ് 63102048/- രൂപയുമാണ്(I-6). കൂടാതെ, I-6 പ്രകാരമുള്ള തുകയും I-14(A) ഷെഡ്യൂൾ പ്രകാരമുള്ള തുകയും തമ്മിലും പൊരുത്തപ്പെടുന്നില്ല(I-14(A)- 68392048/-).

19. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 4,41,159 രൂപ ഉണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14123113 |
| വരവ് | 7,63,23,222 |
| ആകെ | 90446335 |
| ചെലവ് | 79798023 |
| നീക്കിയിരിപ്പ് | 10648312 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 12518193 | 12518193 | 10240188 | 2278005 | Qbill 2256905 |
| വികസന ഫണ്ട് (എസ്.സി.പി ) | - | 5897235 | 5897235 | 5367544 | 529691 | Qbill 515000 |
| വികസന ഫണ്ട് (ടി.എസ്.പി ) | - | | | | | - |
| മെയിന്റനൻസ് (റോഡ് ) | - | 14956000 | 14956000 | 12880768 | 2075232 | 2075232 |
| മെയിന്റനൻസ് (നോൺ റോഡ്) | | 4014000 | 4014000 | 2867727 | 1146273 | 780283 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC -Tied) | - | - | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC -UnTied) | - | 10448576 | 10448576 | 7045838 | 3402738 | 1131266 |
| എം.പി ഫണ്ട് | 40784 | - | 40784 | - | 40784 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | - | 1074713 | 1074713 | 1074713 | - | |
| MGNREGS | 18279 | 1561558 | 1579837 | 1460048 | 119789 | |
| സംസ്ഥാനാവിഷ്കൃതം | | | | | | |
| ബിവറേജസ് | - | 2640000 | 2640000 | 714553 | 1925447 | |

| | | | | | | |
|---|---|---|---|---|---|---|
| കോർപ്പറേഷൻ WSS ധന സഹായം (മുയ്യാട്ടുമ്മൽ കുടിവെള്ള പദ്ധതി) | | | | | | |
| സമ്പൂർണ്ണ ശുചിത്വം | 1260848 | - | 1260848 | 827543 | 433305 | |
| ARWSS | 8061 | 0 | 8061 | 0 | 8061 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1287500 | 6900000 | 8187500 | 5680000 | 2507500 | |
| ജലനിധി | 414152 | 1902265 | 2316417 | 1144080 | 1172337 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ് തുകകൾ ACR പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ACR പ്രകാരമുള്ള ചെലവ് തുക | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ് തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 10240188 | 11782195 | 1542007 |
| വികസന ഫണ്ട് (എസ്.സി.പി) | 4907045 | 5367544 | 460499 |

2. വികസനഫണ്ട്-ജനറൽ, എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ,മെയിന്റനൻസ് ഗ്രാന്റ് റോഡ്, റോഡിതരം ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുക, ബാലൻസ് തുക എന്നിവ രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ. സി.ഡി.എസ് ഇനത്തിലെ പദ്ധതി ചെലവ് സുലേഖ സോഫ്റ്റ്വെയർ പ്രകാരമുള്ള ചെലവ് പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതി ചെലവ് 2599015 രൂപയും, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 1300000/- രൂപയുമാണ്.

4. സംസ്ഥാനാവിഷ്കൃത പദ്ധതിയായ ലൈഫ് ഭവന പദ്ധതിയുടെ പദ്ധതി ചെലവ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ 19260622/- രൂപയും ചെലവ് പത്രിക പ്രകാരം 5680000/-

5. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഗ്രാന്റിനങ്ങളുടെ വരവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് പ്രൊജക്ടുകളിൽ ആകെ വകയിരുത്തിയ തുകയാണ് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 160 | 98 | 9 | 53 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 160 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 107പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.അവശേഷിക്കുന്ന53 പ്രൊജക്ടുകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ മാറുന്നതിനുള്ള നിയന്ത്രണം കാരണം സാമ്പത്തികവർഷത്തിൽ പണമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല.ആയത് കൂടി പരിഗണിച്ചാൽ പരിമിതമായ പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാതുള്ളൂ.

അസി.എഞ്ചിനീയർക്ക് സാമ്പത്തിക വർഷം നടപ്പിലാക്കാനുണ്ടായിരുന്നത് 87 പ്രൊജക്ടുകളാണ് .ആയതിൽ 53 എണ്ണം സാമ്പത്തിക വർഷം പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 34 പ്രൊജക്ടുകളിൽ 19 പ്രൊജക്ടുകളിലായി വിവിധ ഫണ്ടിനങ്ങളിൽ 5481765 രൂപ ക്യൂബിൽ ആയി മാറിയിട്ടുണ്ട്. കൂടാതെ 10 പ്രവർത്തികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച് ബാങ്ക് മുഖേന ബിൽ ഡിസ്കൗണ്ട്സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ബില്ലുകളിലെ ആകെ ചെലവ് 7372556 രൂപയാണ്.ഇതുകൂടി പരിഗണിച്ചാൽ കേവലം 5 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കാൻ കഴിയാതെ പോയത്. മറ്റ് നിർവഹണോദ്യോഗസ്ഥരിൽ സെക്രട്ടറി, വി.ഇ.ഒ. കൃഷിഓഫീസർ, എന്നിവരൊഴികെ മറ്റുള്ളവരെല്ലാം തങ്ങളുടെ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറിക്ക് നിർവഹണം നടത്താനുണ്ടായിരുന്ന 26 പ്രൊജക്ടുകളിൽ 18എണ്ണത്തിന് മാത്രമാണ് തുകചെലവഴിച്ചിരിക്കുന്നത്.വി.ഇ.ഒക്ക്നിർവഹണം നടത്താനുണ്ടായിരുന്ന6 പ്രൊജക്ടുകൾക്കായി 54388000 രൂപ വകയിരുത്തിയതിൽ 19355122 രൂപ മാത്രമാണ്സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. ലൈഫ് ഭവനപദ്ധതി (ജനറൽ , എസ്.സി.പി) പ്രൊജക്ടുകളിൽ ചെലവുശതമാനം വളരെ കുറവാണ്.ലക്ഷം വീട് കോളനി വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള രണ്ട് പ്രൊജക്ടുകൾക്ക് സാമ്പത്തികവർഷം ജനറൽ, എസ്.സി,പി വിഭാഗങ്ങളിൽ 2 പ്രൊജക്ടുകൾ തയ്യാറാക്കിയതിൽ ആയവക്ക് തുകയൊന്നും ചെലവഴിച്ചുകാണുന്നില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം .നിർവഹണം.എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ആരോഗ്യം വിദ്യാഭ്യാസം ഒഴികെതങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല.പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്ടുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഉദാ.കൃഷി അനുബന്ധമേഖലകൾ വർക്കിംഗ് ഗ്രൂപ്പ് . വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗംചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18279 | 1561558/- | 1579837/- | 1460048/- | 119789/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 66932000/- | 66932000/- | 66932000/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 162720 | 148 |
| കർഷകതൊഴിലാളി | 3204600 | 928 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 3644400 | 1030 |
| വാർദ്ധക്യകാലപെ ൻഷൻ | 5999100 | 1762 |
| വികലാംഗപെൻഷൻ | 1357500 | 393 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻ ഷൻ | 147600 | 41 |
| വിവാഹ ധനസഹായം | 120000 | 4 |

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ചില അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിലാണ് ഇത്തരത്തിൽ അപാകത ശ്രദ്ധയിൽപെട്ടിട്ടുള്ളത്. വാർദ്ധക്യ പെൻഷന് അനുവദിച്ച് കിട്ടുന്നതിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ യഥാസമയം അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ ചില അപേക്ഷകളിൽ കാലതാമസം വരുത്തുന്നതായി കാണുന്നുണ്ട്.ഉദാ:5.04.2019 തിയ്യതിയിലെ 2188/19 അപേക്ഷ 06.04.2019 ന് അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് കൈമാറിയെങ്കിലും 04.06.2019 തിയ്യതിയിലാണ് വി.ഇ.ഒ പെൻഷൻ അപേക്ഷ അന്വേഷണം നടത്തിയതിന് ശേഷം തിരികെ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19.06.2019 തിയ്യതിയിൽ അപേക്ഷകൻ ക്ഷേമപെൻഷൻ അനുവദിച്ചു. വാർദ്ധക്യകാല പെൻഷൻ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സമയപരിധി 40 ദിവസം ആണെന്നിരിക്കെ 74 ദിസത്തിന് ശേഷമാണ് പെൻഷൻ അനുവദിച്ചത്.

അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമായ ഉടനെ തന്നെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആയത് പരിശോധിച്ച് അപേക്ഷകളിൽമേൽ തീരുമാനം കൈകൊണ്ട് ഭരണസമിതിയിലേക്ക് സമർപ്പിക്കുന്നുണ്ട്. വിവിധ ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകൾ തയ്യാറാക്കിയിരിക്കുന്നത് അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ചേർക്കാതെയാണ്.പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുന്ന വേളയിലും അന്വേഷണം നടത്തിയതിൻ ശേഷം തിരികെ ഏൽപ്പിക്കുന്ന തിയ്യതിയും രേഖപ്പെടുത്തുന്നില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 588/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുനനതിൽ മേലുദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത ആരും പരിശോധനക്ക് വിധേയമാക്കുന്നില്ല. കാഷ്ബുക്ക് ദിവസേന സെക്രട്ടറി ഒപ്പുവെക്കുന്നുണ്ടെങ്കിലും ഡേബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായും കാണുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നതിൽ പലപ്പോഴും വീഴ്ച

സംഭവിച്ചിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും റിപ്പോർട്ടുകൾക്ക് യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.16-17,17-18 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചശേഷം യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്ന പ്രവണതയുണ്ട്

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വംഉടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1756 (4 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 373 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(467 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205.ബി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഇപ്രകാരം

തയ്യാറാക്കിയതല്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി )വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1752 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകിയും വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും )ലൈസൻസ് നൽകൽ ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>1-11 തൊഴിൽ നികുതി-അപാകതകൾ</u>

1) <u>രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

2)<u>ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം</u>

നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 2019 -20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | ആവശ്യം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 3/2019-20 | ശ്രീ.ബവീഷ് എൻ.എം. ഉഷസ്സ് കൊയിലാണ്ടി | 6/173എ-ഡി | ടൂ വീലർ വില്പന | 3 | 2500/- |
| 10/12019-20 | ശ്രീ.അബ്ദുസലാം നെല്ല്യോട്ട്, പാലേരി | 2/305എ | സിമന്റ് കട്ടനിർമ്മാണം, വില്പന | 4 | 2500/- |
| 52/2019-20 | ശ്രീ.ജാഫർ കെ.കുരിയാടി കല്ലോട് പി.ഒ | 7/239ബി,സി | ഗ്രാനൈറ്റ് &മാർബിൾ വില്പന | 6 | 2500/- |
| 54/2019-20 | ശ്രീ.ചന്ദ്രൻ തട്ടാങ്കണ്ടി. ചേനോളി പി.ഒ | 5/41 | വർക്ക് ഷോപ്പ് | 7 | 2500/- |
| 91/2019-20 | ശ്രീ.അജേഷ് ടി.എൻ . ദേവാഗ്രഹം പൂതംപാറ പി.ഒ | 11/133 | സിമന്റ് ഹോളോ ബ്രിക്സ് നിർമ്മാണം,വില്പന | 3 | 1200/- |
| 171/2019-20 | ശ്രീ.ആരിഫ് | 10/211എ | ഈർച്ച മിൽ | 4 | 2500/- |

| | | | | | |
|---|---|---|---|---|---|
| | എം.കെ&മുഹമ്മദ് ഷഫീഖ് മുച്ചി ലോട്ട്കണ്ടി | | | | |
| 172/2019-20 | ശ്രീ.ആരിഫ് എം.കെ&മുഹമ്മദ് ഷഫീഖ് മുച്ചിലോട്ട്കണ്ടി | 9/458 | വുഡ് ഇൻഡസ്ട്രി | 4 | 2500/- |
| 187/2019-20 | ശ്രീ.ബിജു ചാലക്കര, പേരാമ്പ്ര | 5/8എ-സി | ബിൽഡിംഗ് മെറ്റീരിയൽസ് വില്പന | 4 | 1500/- |
| 193/2019-20 | ശ്രീ.രതീഷ് എൻ.കെ. നടുക്കണ്ടി. ഇരിങ്ങത്ത് | 3/3സി | ബേക്കറി നിർമ്മാണം | 3 | 600/- |
| 226/2019-20 | ശ്രീ.ഹമീദ് കെ.എം തേവർകണ്ടി.മേപ്പയ്യൂർ | 3/186,187 | ഫുഡീസ് റസ്റ്റോറന്റ് വാല്യക്കോട് | 4 | 600/- |
| 233/2019-20 | ശ്രീ.സജീവൻ ആശാരിക്കണ്ടി. ചേനോളി | 8/69എ | ഫർണ്ണിച്ചർ നിർമ്മാണം | 3 | 900/- |
| 238/2019-20 | ശ്രീ.അഷറഫ് സി.കെ.ചീക്കോത്ത് കണ്ടി.കാരയാട് | 12/616-618 | തുർക്കിഷ് റസ്റ്റോറന്റ് | 5 | 2500/- |
| 286/2019-20 | ശ്രീ.അബ്ദുൾ നാസർ കൈതക്കൽ | 6/55എ | ഫാമിലി ഹോട്ടൽ& കൂൾബാർ | 4 | 600/- |
| 330/2019-20 | ശ്രീ.മുഹമ്മദ് അസ്ലം വലിയപറമ്പത്ത് | 5/88 | ടൂവീലർ വില്പന-ക്രൗൺ മോട്ടോർസ് | 4 | 1000/- |
| 346/2019-20 | ശ്രീ.അശ്വന്ത് എം.സി അണ്ണിയോട്ടും ചാലിൽ | 4/10എെ-എം | കാർ ആക്സസറീസ് ഷോപ്പ് | 4 | 1250/- |
| 348/2019-20 | ശ്രീ.സിദ്ദീഖ് ഐ.കെ ഇല്ലക്കുന്നുമ്മൽ | 6/168 | ഫർണ്ണിച്ചർ വില്പന-െഎശ്വര്യ ഫർണ്ണിച്ചർ | 4 | 2500/- |

*ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്റർ(വാല്യക്കോട്,മുളിയങ്ങൽ,വെള്ളിയൂർ),കള്ള് ഷാപ്പുകൾ(കല്പത്തൂർ,കൈതക്കൽ), ആപ്കോ സുസുക്കി ഷോറും(ടു വീലർ വില്പന) എന്നിവിടങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

<u>3) മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1756 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 4 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് കെട്ടിടങ്ങളിൽ വിവിധ

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 373 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 467ആണ്. അവശേഷിക്കുന്ന 1285 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

4)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാര്,അംഗീകൃത കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)2019-20 വർഷത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.സൂരജ് വി.എം

ശ്രീനിലയം (വീട്) നടേരി(പി.ഒ)

രജി നം-ഇ- 2050/2008/4749/കെ.കെ.ഡി/57/2013/ഇഎ

2.ശ്രീ.സജിത്ത് സി.

ചെറുവോട്ട്.കല്പത്തൂർ പി.ഒ

രജി നം-ഇ-2050/08/6090/കെകെഡി/303/2014/എസ്.ബി

3.ശ്രീമതി. അമൃത കെ.പി

കുന്നംപുറത്ത്, ഇരിങ്ങൽ (പി.ഒ)

രജി നം-ഇ/2050/08/4772/കെകെഡി/131/2013

4.ശ്രീ.പുഷ്പാംഗതൻ കെ.കെ

കൊല്ലന്റെ കണ്ടി, കായണ്ണ ബസാർ പി.ഒ

രജി നം-ഇ/2050/08/11354/കെകെഡി/150/2017/എസ്.എസ്

5.ശ്രീമതി. ജെസി ദോഫർ

രജിസ്റ്റേഡ് ആർക്കിടെക്ട്

രജി നം-സി.എ/2017/82274/സി.എൽ.ടി

6.ശ്രീ.മണി പി.സി

പൊൻപാറച്ചാലിൽ,പേരാമ്പ്ര പി.ഒ

രജി നം-ഇ/2050/08/2451/കെകെഡി/465/2010/എസ്.ബി

7.ശ്രീ.ഒ.കെ ചന്ദ്രൻ

ഒതയോത്ത് കണ്ടി, മേപ്പയ്യൂർ

രജി നം-ഇ/2050/08/14215/കെകെഡി/116/2018/എസ്.എസ്

8.ശ്രീമതി.സോന .ജി. ചന്ദ്രൻ

നല്ലക്കര,നടുവണ്ണൂർ പി.ഒ

രജി നം-ഇ/2050/08/14505/കെകെഡി/10/2019/എസ്.എ

9.ശ്രീ.ജിജീഷ് സി.സി.പൗർണ്ണമി സദനം,

മേഞ്ഞാണ്യം പി.ഒ

രജി നം-ബി/1632/08/10931

10.ശ്രീ.അഖിൽ വി.വി വെള്ളിയോട്ടുമ്മൽ, എരവട്ടൂർ പി.ഒ

രജി നം-ഇ/2050/08/12/199/കെകെഡി/289/2018/എസ്.ബി

11.ശ്രീ.ഫദിലുൽ ആബിദ് ടി.വി. തെയ്യംവീട്ടിൽ, കല്പത്തൂർ

രജി നം-ഇ/2050/08/12104/കെകെഡി/224/2018/എസ്.ബി

12.ശ്രീ.മോഹനൻ വി.വടക്കയിൽ, കൊഴക്കല്ലൂർ പി.ഒ

രജി നം-സി1/2541/2000/141/ഇ.എ

13.ശ്രീ. റംഷാദ് പി.പി. പാറപ്പുറത്ത്,
ചേനോളി പി.ഒ

രജി നം-ഇ/2050/08/14540/കെകെഡി/217/2019/എസ്.ബി

14.ശ്രീ.ഷംസീർ എൻ.കെ.നെല്ലിയോട്ടുള്ളകണ്ടി,നൊച്ചാട്

രജി നം-ഇ/2050/08/6363/കെകെഡി/461/2014/എസ്.ബി

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടിസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>(Ii) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>.

ഓഡിറ്റ് വർഷം നൊച്ചാട് ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.അഷ്റഫ് കെ.കെ

കൊന്നക്കാട്ട് , കരിങ്ങാട് പി.ഒ

2.ശ്രീ. ഗോവിന്ദൻ നായർ എൻ.എം

ശോഭ നിവാസ് .കോട്ടൂർ പി.ഒ

3.ശ്രീ.പുഷ്പരാജ് ടി.പി

തറയൻ പിലാക്കൂൽ .മൂലാട് പി.ഒ

4.ശ്രീ.കെ.സി. സുനി .

കുന്നത്ത്.മൂലാട് പി.ഒ

5.ശ്രീ.സുനിൽകുമാർ വി.കെ

വെറ്റിലക്കണ്ടി, വാകയാട് പി.ഒ

6.ശ്രീ.രാജീവൻ കെ.പി

കുന്നംപാറപ്പൊയിൽ, പേരാമ്പ്ര പി.ഒ

7.ശ്രീ.ഗഫൂർ

പടിക്കൽ, നൊച്ചാട് പി.ഒ

8.ശ്രീ, ബിജു ടി.വി

തട്ടാന്റെ വളപ്പിൽ, വാകയാട് പി.ഒ

9.ശ്രീ.കുഞ്ഞിമൊയ്തി പി

പണോട്ട് .നൊച്ചാട്

10.ശ്രീ. കെ. ഗോപാലൻ

കോമത്ത്, കായണ്ണബസാർ പി.ഒ

11. സെക്രട്ടറി, അത്തോളി ലേബർകോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

മൊടക്കല്ലൂർ പി.ഒ

12.ശ്രീ.കെ അബ്ദുറഹ്മാൻ

കോട്ടൂർ, ചേനോളി പി.ഒ

13.ശ്രീ.വി.സി എൽദോ

വെട്ടിക്കാട്ടിൽ, മാട്ടനോട് പി.ഒ

14.ശ്രീ. ഡി.എം. കുഞ്ഞിക്കണ്ണൻ

ദന്ധവംപുറത്ത് മീത്തൽ,കൊഴക്കല്ലൂർ പി.ഒ

15.ശ്രീ. എൻ.പി. കണാരൻ

നടുപ്പറമ്പിൽ .കായണ്ണബസാർ പി.ഒ

16.ശ്രീ.പ്രകാശൻ പി.കെ

പേരുളിക്കണ്ടി മീത്തൽ, നൊച്ചാട് പി.ഒ

17.ശ്രീ.ജോസ് കണ്ണഞ്ചിറ

ചാത്തങ്കോട്ട്നട. കാവിലുമ്പാറ പി.ഒ

18.ശ്രീ.അഫ്സൽ ടി.കെ

തൊട്ടിക്കണ്ടി, മുക്കം

19.റെയ്ഡ്കോ കേരള ലിമിറ്റഡ്

ഗാന്ധി ഗൃഹം ബിൽഡിംഗ്സ് ,ചെറൂട്ടി റോഡ്,കോഴിക്കോട്

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iii)എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.എം. എം. ബാലകൃഷ്ണൻ

ചെറിയ മഠത്തിൽ, കൽപ്പത്തൂർ പി.ഒ

2.ശ്രീ. നൗഫൽ ടി.കെ

തോട്ടിക്കണ്ടി, അള്ളി പി.ഒ, മുക്കം

3.കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി

കോഴിക്കോട്

4.പുഷ്പരാജ് ടി.പി

തറയൻപിലാക്കൂൽ

മൂലാട് പി.ഒ

മേൽ വിവരിച്ച മുഴുവൻ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി -അപാകതകൾ

1.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വാണിജ്യ കെട്ടിടങ്ങളിൽ 100 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പർ അനുവദിച്ച് 100ച.മീ ൽ കുറഞ്ഞ കെട്ടിടങ്ങൾക്ക് ബാധകമായ രീതിയിൽ നികുതി നിർണ്ണയം നടത്തിയതിനാൽ നികുതി നഷ്ടം സംഭിവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമ | കെട്ടിടനം | തറവിസ്തീർണ്ണം | നിർണ്ണയിച്ചനികുതി നിരക്ക് | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | നഷ്ടം |
|---|---|---|---|---|---|---|---|
| ശ്രീ.കൃഷ്ണൻകുട്ടി, ശ്രീലേഷ് , കുരളംകണ്ടി | 5/42എ | 31.62 ച.മീ | 30/- | 1138/- (വർദ്ധനവ്-20%) | 50/- | 1897/- (വർദ്ധനവ്-20%) | 759/- |
| ശ്രീ.കൃഷ്ണൻകുട്ടി, ശ്രീലേഷ് , കുരളംകണ്ടി | 5/42ബി | 31.62 ച.മീ | 30/- | 1138/- (വർദ്ധനവ്-20%) | 50/- | 1897/- (വർദ്ധനവ്-20%) | 759/- |
| ശ്രീ.കൃഷ്ണൻകുട്ടി, ശ്രീലേഷ് , കുരളംകണ്ടി | 5/42സി | 31.62 ച.മീ | 30/- | 1138/- (വർദ്ധനവ്-20%) | 50/- | 1897/- (വർദ്ധനവ്-20%) | 759/- |
| ശ്രീ.കൃഷ്ണൻകുട്ടി, ശ്രീലേഷ് , കുരളംകണ്ടി | 5/42ഡി | 31.62 ച.മീ | 30/- | 1138/- (വർദ്ധനവ്-20%) | 50/- | 1897/- (വർദ്ധനവ്-20%) | 759/- |
| ആകെ | | 126.48 ച.മീ | | | | | 3036/- |

മേൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം കണക്കിലെടുക്കാതെ വ്യത്യസ്ത നമ്പർ നൽകിയതിനാൽ വസ്തു നികുതി ചുമത്തിയതിനാൽ നഷ്ടം സംഭവിച്ചു. നികുതി നിർവ്വഹണം പുന:പരിശോധിച്ച് നികുതിയിനത്തിലുള്ള ചോർച്ച തടയേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2-ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.</u>

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 7079 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും 1756 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുമാണുള്ളത്. 26.06.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അജണ്ട-3 തീരുമാനം നം 42/2019 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ പുതുക്കി പണിത് നികുതിയിൽ മാറ്റം വരുത്താത്ത വീടുകളുടെ ലിസ്റ്റ് സമർപ്പിക്കുവാൻ വാർഡ് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചിട്ടില്ല. ഇത് കാരണം വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

<u>1-13 വരൾച്ചാ കുടിവെള്ളവിതരണം -മേൽനോട്ടത്തിലെ അപര്യാപ്തതമൂലം പഞ്ചായത്ത്ഫണ്ടിന് അധികചെലവും മറ്റ് അപാകതകളും.</u>

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 2.3.19ലെ സ.ഉ.സാധാ.നം500/2019/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾ 31.3.19 വരെ 5.5 ലക്ഷവും,1.4.19

മുതൽ 31.5.19വരെ 11ലക്ഷം രൂപയും (30.6.19 വരെ പിന്നീട് ദീർഘിപ്പിച്ചു) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ നൊച്ചാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ G.P.S. ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് ക്വാട്ട്ചെയ്ത ശ്രീ. യൂസഫ് .ഇ.ടി. കോറോത്ത് എന്നആളുടെ 5000 ലിറ്റർ ടാങ്കർഘടിപ്പിച്ച വാഹനത്തിന് കി.മീറ്ററിന് 300 രൂപ പ്രകാരമുള്ള ടെണ്ടർ അംഗീകരിക്കുകയും 31.3.19 മുതൽ 11.6.19വരെ കുടിവെള്ളം വിതരണം ചെയ്തതിന് 2652692 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. (2ലക്ഷം രൂപ 2021-22 ൽ കുടിശ്ശിക നൽകിയത് ഉൾപ്പെടെ) കെ.എൽ 24.ഇ. 4340 എന്നവാഹനം 31.3.19 മുതലും കെ.എൽ .56.ബി. 7125 എന്ന വാഹനം 14.4.19 മുതലും കുടിവെള്ളം വിതരണം ചെയ്തതിനാണ് മേൽ തുക കരാറുകാരന് അനുവദിച്ചിരിക്കുന്നത്. കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട വൗച്ചറുകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) ടെണ്ടർ നടപടികളിൽ സുതാര്യതകുറവ്. നിയമാനുസൃതം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും 2 പേർ മാത്രം പങ്കെടുത്ത ടെണ്ടറിൽ കരാറുകാരൻ യൂസഫ് ഇ.ടി 300 രൂപ നിരക്കിലും, റഫീഖ് ഇ.ടി എന്നആൾ 325 രൂപ നിരക്കിലും ക്വാട്ട്ചെയ്ത് സമർപ്പിച്ച ടെണ്ടറുകളിൽ കുറവുനിരക്ക് രേഖപ്പെടുത്തിയ ആൾക്കാണ് കരാർ നൽകിയത്.എങ്കിലും രേഖപ്പെടുത്തിയനിരക്ക് താരതമ്യേന കൂടുതലായതിനാൽ തുക കുറവുചെയ്ത് ലഭിക്കാൻ കരാറുകാരനായി നെഗോസിയേഷൻ നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. 20-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കുടിവെള്ളവിതരണം അഭിൻ കൽപത്തൂർ എന്നആൾ കേവലം 64 രൂപ 50 പൈസക്കാണ് ഏറ്റെടുത്തത് എന്നത് ശ്രദ്ധയേയമാണ്.

2) ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞാൽ പഞ്ചായത്തുമായി ടെണ്ടർ ലഭിക്കുന്ന ആൾ നിർദിഷ്ട മാതൃകയിൽ മുദ്രപത്രത്തിൽ എഗ്രിമെന്റിലേർപ്പെടേണ്ടതാണെങ്കിലും അത്തരമൊരുകരാറുടമ്പടിഫയലിൽ ലഭ്യമായിട്ടില്ല.

3) സർക്കാർ അനുമതിനൽകിയതിലും വളരെ അധികം തുക പഞ്ചായത്ത് കുടിവെള്ളവിതരണത്തിനായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും അധികം ചെലവഴിച്ച തുകക്ക് സർക്കാർ അനുമതി ലഭ്യമാക്കാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്.

4) പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിക്കാതെയാണ് 22ലക്ഷത്തിൽ പരം രൂപ കുടിവെള്ള വിതരണത്തിനായിചെലവഴിച്ചിരിക്കുന്നത്

5)കരാറുകാരൻ ലഭ്യമാക്കിയ കുടിവെള്ള പരിശോധനറിപ്പോർട്ടിൽ കുടിവെള്ളത്തിൽ കൊളിഫോം ബാക്ടീരിയ അടങ്ങിയതായി കാണുന്നു.ആയത് പരിഹരിക്കാൻ ആരോഗ്യവകുപ്പ് നടപടികൾ കൈകൊണ്ടതായി കാണുന്നില്ല.

6) 29.04.2019ൽ കൂടിയ ധനകാര്യ കാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ വരൾച്ച മൂലം ജനങ്ങൾ വിഷമിക്കുന്ന സാഹചര്യത്തിൽ താൽക്കാലികമായി കുടിവെള്ളവിതരണത്തിനുള്ള തുക തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനും സർക്കാരിന്റെ ബന്ധപ്പെട്ട ഫണ്ടിൽനിന്നും ആയത് ലഭ്യമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല.

7)കുടിവെള്ള വിതരണത്തിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ ജി.പി.എസ്.ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളവിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചതെങ്കിലും 31.3.19ന് കുടിവെള്ളവിതരണം ആരംഭിച്ചങ്കിലും 8.4.19, 7.5-19 തിയ്യതികളിൽ മാത്രമാണ് കുടിവെള്ളം വിതരണം ചെയ്ത വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ചിരിക്കുന്നത്. അതുവരെ ജി.പി.എസ്. ഘടിപ്പിക്കാതെയാണ് വാഹനങ്ങൾ ഓടിയിരിക്കുന്നത്.

8) 27.3-19ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറി മാർക്കയച്ച കത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് സത്വര നടപടികൾ കൈകൊള്ളുന്നതിനും, ആയത് പരിശോധിക്കുന്നതിന് ചാർജ് ഓഫീസറെ നിയമിക്കുന്നതിനും നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ചാർജ് ഓഫീസറെ നിയമിച്ചതായി കാണുന്നില്ല.

9) തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ.(സാധാ)നം 500/19 തി2.3.19 ഉത്തരവിൽ ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി ചെലവുതുക വിനിയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 05.03.2019ലെ ജില്ലാകലക്ടറുടെ ഉത്തരവിലും വാഹനത്തിന്റെ ജി.പി.എസ്.പരിശോധിച്ച് ജി.പി.എസിൽ നിന്നുള്ള ട്രിപ്പ് ഷീറ്റ്

അനുസരിച്ച് മാത്രമെ തുക അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.പി.എസ്. ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല, ജി.പി.എസ്.ട്രിപ്പ് ഷീറ്റ് പരിഗണിക്കാതെ കരാറുകാരൻ ഹാജരാക്കിയ വാഹനത്തിന്റെ ട്രിപ്പ്ഷീറ്റിന്റെ അടസ്ഥാനത്തിലാണ് തുക നൽകിയത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-4.19ലെ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാസ്ഥലങ്ങളിലും ജി.പി.എസ്. Strength ലഭിക്കാത്തതുകൊണ്ട് കുടിവെള്ള വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ശരിയായ ദൂരം രേഖപ്പെടുത്താൻ കഴിയാത്തതിനാൽ വാടകനൽകുന്നത് ഓരോദിവസവും ശേഖരിക്കുന്നവാഹനങ്ങളുടെ സ്പീഡോമീറ്റർ റിപ്പോർട്ട്, എഡി.എസ്.അംഗങ്ങളുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ചുനൽകുന്നതിന് തീരുമാനിച്ചു. ആയതിന് 4.5.19ൽ കൂടിയ ഭരണസമിതി അംഗീകാരവും ലഭ്യമായിട്ടുണ്ട്. എന്നാൽ അപാകത ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അറിയിച്ച് പരിഹാരനടപടികൾ കൈകൊള്ളാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായ തീരുമാനം കൈകൊണ്ട് കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഹാജരാക്കിയ ട്രിപ്പ്ഷീറ്റുകൾ ആരും പരിശോധിച്ച് ഓടിയ കിലോമീറ്ററിന്റെ കൃത്യത ഉറപ്പുവരുത്തിയതായും കാണുന്നില്ല. കരാറുകാരൻ അറിയിക്കുന്ന വാഹനത്തിന്റെ സ്പീഡോമീറ്റർ റീഡിംഗ് ഓരോദിവസവും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതല്ലാതെ ഇതിന്റെ കൃത്യതയും പരിശോധിക്കാൻ സംവിധാനമില്ല. വാർഡ് മെമ്പർ, എ.ഡി.എസ്.എന്നിവർ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട് എന്ന് മാത്രമെ സാക്ഷ്യപ്പെടുത്തുന്നുള്ളൂ. കരാറുകാരൻ ഹാജരാക്കിയ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചതിൽ വാഹനങ്ങൾ തുടർച്ചയായി ഒരു ദിവസം ഓടുന്ന കിലോമീറ്ററാണ് ആയതിൽ രേഖപ്പെടുത്തുന്നത്. ഇതിൽ നിന്നും വാഹനം വെള്ളം ശേഖരിക്കുന്നതിനായി ഓടുന്ന ദൂരം, ഇന്ധനം നിറക്കൽ, റിപ്പയർ പ്രവർത്തികൾ എന്നിവക്കുള്ള ഓട്ടം കുടിവെള്ള വിതരണം ചെയ്യുള്ള മടക്കയാത്ര എന്നിവയെല്ലാം ഉൾപ്പെടുന്നു. പരിശോധനയുടെ അഭാവം മൂലംഇവക്കെല്ലാം തന്നെ കി.മീറ്ററിന് 300 രൂപ നിരക്കിൽ പഞ്ചായത്ത് നൽകേണ്ടി വന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടമുണ്ടാവാൻ ഇടയായിട്ടുണ്ട്.

കരാറുകാരന് കുടിവെള്ള വിതരണത്തിനുള്ള തുക നൽകിയ വൗച്ചറുകൾ പരിശോധിച്ചതിൽ അനുവദനീയമായതിലും കൂടിയതുക കരാറുകാരന് അനുവദിച്ചു കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| വൗച്ചർ നമ്പർ | അനുവദിച്ച തുക | അനുവദനീയമായതുക 1% ITകുറവുചെയ്ത് |
|---|---|---|
| 21900041 തി. 2.5.19<br>31.3.19മുതൽ 13.4.19 വരെ കുടിവെള്ള വിതരണം നടത്തിയത്. ഓടിയ കി.മീ. 467@300 | 140100 | 138699 |
| 2190072 തി. 17.5.19<br>14.4.19 മുതൽ 30.4.19 വരെ കുടിവെള്ള വിതരണം നടത്തിയത്. ഓടിയ കി.മീ. 1836@300 | 545292 | 545292 |
| 21900089 തി. 28.5.19<br>1.5.19മുതൽ 20.5.19 വരെ കുടിവെള്ള വിതരമം<br>ഓടിയ കി.മീ. .3217@300 | 965100 | 955449 |
| 219000179 തി. 10.7.19<br>21.5.19 മുതൽ 31.5.19വരെ കുടിവെള്ള വിതരണം<br>ഓടിയ കി.മീ. 1674@300 | 502200 | 497178 |
| 21900442 തി. 14.10.19<br>21.5.19 മുതൽ 31.5.19 വരെ കുടിവെള്ള വിതരണം<br>ഓടിയ കി.മി.1492@300 (പരിമിതപ്പെടുത്തിയത്) | 300000 | 443124 |
| 22100054 തി. 20.4.21 (കുടിശ്ശിക നൽകിയത്) | 200000 | --- |
| ആകെ | 2652692 | 2579742 |

മേൽകാണിച്ച കണക്കുപ്രകാരം 74950 രൂപ (2652692-2579742) കരാറുകാരന് അധികമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 21-22 സാമ്പത്തിക വർഷത്തിൽ കരാറുകാരന് കുടിശ്ശിക തുക നൽകുമ്പോൾ ആകെ 9243.5

കി.സഞ്ചരിച്ചതിന് 300 രൂപനിരക്കിൽ 2773050 രൂപക്ക് കരാറുകാരന് അർഹതയുണ്ടെന്നും ആയതിനാൽ നൽകുവാനവശേഷിക്കുന്ന തുകയിൽ 2ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻവൗച്ചറുകൾ പ്രകാരം തുക അനുവദിച്ച സമയത്ത് കരാറുകാരൻ തുക അനുവദിക്കുന്നതിനായി പഞ്ചായത്തിൽ വാഹനം ഓടിയ കി.മീ. രേഖപ്പെടുത്തി നൽകിയ അപേക്ഷ, തുക അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട സെക്ഷൻ ആയതിൽ പരിശോധനക്ക് വിധേയമാക്കി തയ്യാറാക്കിയ ഓഫീസ് നോട്ട് എന്നിവയിലൊന്നും (14.10.19ൽ 1.6.19 മുതൽ 11.6.19 വരെയുള്ള കുടിവെള്ള വിതരണത്തിന് പരിമിതപ്പെടുത്തി നൽകിയ 3 ലക്ഷം ഒഴികെ) കരാറുകാന് തുക നൽകാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ കൃത്യത പരിശോധനക്ക് വിധേയമാക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ആയത് നിർവഹിക്കുന്നതിൽ വന്ന വീഴ്ചയും സെക്രട്ടറി ഉൾപ്പെടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിൽ വന്ന മേൽനോട്ട കുറവുമാണ് ഇത്തരത്തിൽ തുക നൽകാൻ ഇടയാക്കിയത്. കരാറുകാരന് അധികം നൽകിയ 74950രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 ജലനിധി പദ്ധതികളുടെ നവീകരണം- ആവശ്യത്തിൽ കൂടുതൽ പദ്ധതി വിഹിതം പിൻവലിച്ച് കൈമാറി

പ്രൊജക്ട് നമ്പർ- 57/20

വകയിരുത്തിയ തുക- 900000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവുതുക- 900000/- (ബിൽ നമ്പർ 3/19-20 തി.18.10.19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾക്കായി ജലനിധി പദ്ധതി തയ്യാറാക്കുകയും ആയതിൽ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജലനിധി ഫേസ് 1ൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ളപദ്ധതികളിൽ, പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ അറ്റകുറ്റപണികൾക്കായി2018-19ൽ ഒന്നാംഘട്ടമായി 4 പ്രവർത്തികളുടെ അറ്റകുറ്റപണികൾക്കായി414152 രൂപയും 19-20ൽ രണ്ടാം ഘട്ടമായി 5പദ്ധതികളുടെ പുനരുദ്ധാരണത്തിനായി മേൽ ബിൽ പ്രകാരം 900000 രൂപയും പിൻവലിച്ച് കേരള ഗ്രാമീണ ബാങ്കിലുള്ളജലനിധി എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ജലനിധി പദ്ധതികളുടെ ഘടനപ്രകാരം പദ്ധതികൾക്കാവശ്യമായ ആകെ ചെലവുതുകയുടെ 15% മാത്രമാണ് ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ടത്.ബന്ധപ്പെട്ട പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ 2018-19, 19-20 വർഷങ്ങളിലായി ഒൻപത് കുടിവെള്ളപദ്ധതികളുടെ നവീകരണം നിർദ്ദേശിച്ചതിൽ 2018-19 ൽ നാലും, 2019-20 ൽ മൂന്നും കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനാണ് സാങ്കേതികാനുമതി ലഭ്യമായിരിക്കുന്നത്. സാങ്കേതികാനുമതി ലഭിച്ച് ഏഴ് പ്രവർത്തികളുടെ ആകെ അടങ്കൽ 3537000 രൂപയാണ് . ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | സാങ്കേതികാനുമതി ലഭിച്ച തുക | ലഭ്യമാക്കേണ്ട പഞ്ചായത്ത് വിഹിതം 15% |
|---|---:|---:|
| കേളോത്ത് | 580000 | 87000 |
| കുന്നക്കൊടി | 495000 | 74250 |
| തൊമരായിമ്മൽ | 420000 | 63000 |
| മേപ്പാട്ടുഭാഗം | 364000 | 54600 |
| അരീക്കൽ വടക്കുമ്പത്ത് | 470000 | 70500 |
| തേക്കുമ്മൽ | 598000 | 89700 |
| ചാത്തങ്കോട്ട് | 610000 | 91500 |
| ആകെ | 3537000 | 530550 |

പദ്ധതികളുടെ ആകെ അടങ്കലിന്റെ 15% തുകയായ 530550 രൂപ മാത്രം പഞ്ചായത്ത് വിഹിതമായി പ്രൊജക്റ്റിന് വകയിരുത്തണമെന്നിരിക്കെ രണ്ട് വർഷങ്ങളിലായി 1314152 രൂപ ബന്ധപ്പെട്ട ജലനിധി അക്കൗണ്ടിലേക്ക് കൈമാറാനുള്ള സാഹചര്യം വിശദമാക്കേണ്ടതും ആവശ്യകത പരിഗണിക്കാതെ ജലനിധി അക്കൗണ്ടിലേക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം കൈമാറിയ 783602 തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ് . അധികം കൈമാറിയ 783602 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-15 ഗ്രാമപഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ-മൾട്ടി ഫങ്ഷനൽ പ്രിന്റർ വാങ്ങൽ -കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കിയില്ല.**

പ്രൊജക്റ്റ് നമ്പർ- 169/20

വകയിരുത്തിയ തുക-- 400000/-

ചെലവുതുക- - 358586/- (ഓർഡർ നമ്പർ 167/12.1.20)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

നിർമ്മാണം പൂർത്തീകരിച്ച ഗ്രാമപഞ്ചായത്ത് പുതിയ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ , പ്രിന്ററുകൾ എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച മേൽ പ്രൊജക്റ്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും 358586/- രൂപ കെൽട്രോൺ നൽകിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 6 കമ്പ്യൂട്ടറുകൾക്കും 2 പ്രിന്ററുകൾക്കുമായി കെൽട്രോണിന് അടവാക്കിയിട്ടുണ്ട്. 16.6.20 ൽ എയിസർ കമ്പനിയുടെ 231516 രൂപ വിലയുള്ള 6 കമ്പ്യൂട്ടറുകളും കെൽട്രോണിന്റെ തന്നെ 117812 രൂപ വിലയുള്ള 2 പ്രിന്ററുകളും പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന് മൊത്തം 349328 (231516+117812) രൂപയാണ് വിലവരുന്നത്.എന്നാൽ കെൽട്രോണിൽ മേൽ പ്രകാരം 358586 രൂപ അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 9258 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിന് അധികം നൽകിയ 9258 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-16 തെങ്ങിന് വളം നൽകൽ-ഭൂപരിധി മാനദണ്ഡമാക്കാതെ എല്ലാവർക്കും ഒരേതരത്തിൽ ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും**

പ്രൊജക്റ്റ് നമ്പർ -36/20

വകയിരുത്തിയ തുക- 577500

ചെലവുതുക- 489000(ബിൽ നമ്പർ 2/19-20 തി 25-9-19)

ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭവഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തെങ്ങ് കൃഷിക്ക് ജൈവവളം.കുമ്മായം എന്നിവ 75% സബ്സിഡി നിരക്കിൽ അനുവദിക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റ് പ്രകാരം കർഷകർ ജൈവവളം, കുമ്മായം എന്നിവ വാങ്ങിയ ശേഷം ബില്ലുകളും അനുബന്ധ രേഖകളും കൃഷിഭവനിൽ സമർപ്പിച്ച് സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. മേൽ പ്രൊജക്റ്റ് പ്രകാരം 326 കർഷകർ 20തെങ്ങിന് 60കി. ജൈവവളം, 20കി. കുമ്മായം എന്നിവ വാങ്ങിയതിന്റെ വിലയായി 2000 രൂപയുടെ ബിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാകർഷകർക്കും1500 രൂപ വീതം അവരുടെ ബാങ്ക് എകൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)കർഷകർ ഹാജരാക്കിയ കാഷ്ബിൽ പരിശോധിച്ചതിൽ മുഴുവൻ കർഷകരും പേരാമ്പ്ര റീജിനൽ കോ.ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 60കിലോ ജൈവവളം, 20 കിലോ കുമ്മായം എന്നിവ വാങ്ങിയതിന്റെ ബില്ലാണ് ഹാജരാക്കിയിരിക്കുന്നത്. എല്ലാ കർഷകർക്കും തെങ്ങിന്റെ എണ്ണം പരിഗണിക്കാതെ ഒരേ അളവിൽ വളം നൽകാനിടയായതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.

2)പ്രൊജക്റ്റിൽ കർഷകർക്ക് ജൈവവളം വിതരണം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് 20 കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ഏത് തലത്തിലെന്ന് വ്യക്തമല്ല. ഭരണസമിതി തീരുമാന പ്രകാരമാണ് വിതരണം പരിമിതപ്പെടുത്തിയതെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2) ഗുണഭോക്താക്കളിൽ ഏതാനും പേരുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഒരുഗുണഭോക്താവായ ശങ്കരൻ കല്ലട്ടികുന്നമ്മൽ എന്ന ആൾക്ക് നികുതിശീട്ട് പ്രകാരം 2 ഏക്കർ തോട്ടം കൈവശമുണ്ട്. ടിയാന് 20തെങ്ങിന് വളത്തിന്റെ സബ്സിഡി അനുവദിച്ചപ്പോൾ 20 സെന്റ് സ്ഥലം മാത്രം കൈവശമുള്ള പ്രകാശൻ കനിയാങ്കണ്ടി

എന്ന ഗുണഭോക്താവിനും 20തെങ്ങിന് വളം സബ്സിഡി അനുവദിച്ചിരിക്കുന്നു. ഇതിൽ നിന്നും 20 തെങ്ങ് ഇല്ലാത്തവർക്കും 20 തെങ്ങിന് ആനുകൂല്യം നൽകിയതായി വ്യക്തമാവുന്നു. സബ്സിഡി അനുവദിക്കുന്നതിലെ അപാകതയാണ് ഇത് വ്യക്തമാവുന്നത്. അപാകതകൾക്ക് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-17 അങ്കണവാടി പൂരകപോഷകാഹാരം - S.C.Pഫണ്ട് വകയിരുത്തിയതിന് വ്യക്തതയില്ല.

പ്രൊജക്ട് നമ്പർ -19/19-20

വകയിരുത്തിയ തുക- 300000

ചെലവുതുക- 300000 (ബിൽ നമ്പർ -9/19-20 തി 22.4.19-287992

10/19-20 തി. 10.1.20 -12008)

മേൽ ബില്ലുകൾ പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 3ലക്ഷം രൂപ പിൻവലിച്ച് അങ്കണവാടി പൂരകപോഷകാഹാരം എസ്.സി.പി. പ്രൊജക്ടിനായി ചെലവഴിച്ചിരിക്കുന്നു.സ.ഉ.എം.എസ്. 11/18 ത.സ്വ.ഭ.വ .29.1.18 ഖണ്ഡിക 5.2 വികസനഫണ്ടിൽ നിന്നും നിർബന്ധമായി നീക്കിവെക്കേണ്ട ഇനങ്ങൾ വിവരിക്കുന്നുണ്ട്. ഖണ്ഡിക5.2(1) പ്രകാരം അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിന് ഗുണഭോക്താക്കളായ പട്ടികജാതി സമുദായത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരത്തിന്റെ ചെലവ് പട്ടികജാതി ഉപപദ്ധതി വിഭാഗത്തിൽനിന്നും വഹിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം മേൽ പ്രൊജക്ടിനായി തുക വകയിരുത്താവുന്നതാണെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട എത്ര കുട്ടികൾ ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമല്ല. പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിലും ഇത്തരമൊരുകണക്ക് ലഭ്യമല്ല. ആയതിനാൽ പട്ടികജാതി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണോ പ്രൊജക്ടിനായി തുകവകയിരുത്തിയത് എന്ന് വ്യക്തമല്ല. പട്ടികജാതി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് പ്രൊജക്ടിൽ തുക വകയിരുത്തിയതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

1-18 ആദായനികുതി അടവാക്കുന്നതിന് തുക പിൻവലിച്ചു.വിശദവിവരം ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തിൽ വൗച്ചർനമ്പർ 21901025 തി 31.3.2020 പ്രകാരം 24582 രൂപ 2018-19 വർഷത്തെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് കരാറുകാരനിൽ നിന്നും ഈടാക്കിയ I.T. വിഹിതം അടവാക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. തുക പിൻവലിച്ച വൗച്ചർ അല്ലാതെ തുക ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ അടവാക്കിയതിന്റെ വിവരമോ, കുടിവെള്ള വിതരണം ഏറ്റെടുത്ത കരാറുകാരനിൽനിന്നും I.T ഇനത്തിൽ തുക ഈടാക്കിയതിന്റെ വിശദാംശങ്ങളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകളോടെയാണ് തുക ചെലവഴിച്ചിരിക്കുന്നതെന്ന് ഉത്തരവാദപ്പെട്ട സെക്രട്ടറിയോ. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 24582 രൂപ തടസ്സത്തിൽ വെക്കുന്നു.

1-19 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് (റോഡ്) നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 45 | ഊടുവഴി മാവിലാംകണ്ടി അങ്കണവാടി റോഡ് | 473386 |
| 51 | പള്ളിമുക്ക് നടുക്കണ്ടി റോഡ് | 487418 |
| 52 | പടിയങ്ങൽ താഴെ എനോത്ത് റോഡ് | 399019 |
| 62 | കോറോത്ത് നാഗത്ത്താഴെ റോഡ് | 459277 |
| 47 | പാലയാട്ട് പൊറേരി റോഡ് | 334846 |
| | | |

| | | |
|---|---|---|
| 49 | പിലാക്കുന്നത്ത് കോളനി ചാലിക്കര മിൽ റോഡ് | 399949 |

27/06/2019ലെ ഭരണസമിതിയുടെ 2/19(03) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ 2019-20 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാറിന്റെ 68/22/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയ്യതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2019-20 വർഷത്തെ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അറ്റകുറ്റപണി നടത്തേണ്ടതായുള്ള 99.76 കി.മീറ്റർ മെറ്റൽ റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുണ്ട്. പ്രസ്തുത റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതിക്കായി വകയിരുത്തിയിരിക്കുന്നത്. അപാകത വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/19-20/29.7.21) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ അറ്റകുറ്റ പണികൾ ആവശ്യമുള്ള റോഡുകൾ മുഴുവൻ പൂർത്തിയാക്കിയ ശേഷമേ മെയിന്റനൻസ് ഗ്രാന്റ് പുതിയ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം**

ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/19-20/29.7.21) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ

ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടമുണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പദ്ധതികളിലെ പൊതു അപാകതകൾ - മുൻ വർഷത്തെ റിപ്പോർട്ടിൽപരാമർശിച്ച അപാകതകൾ ഓഡിറ്റ് വർഷവും തുടരുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഓഡിറ്റ് വർഷം ആകെ 87 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 34 എണ്ണത്തിൽ തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.ഇതിൽ തന്നെ 27 എണ്ണം പുതിയ പ്രോജക്ടുകളും 7 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളുമാണ്. തൻവർഷം ഈ പ്രവൃത്തികൾക്കായി വകയിരുത്തിയ 20148300/- രൂപ പഞ്ചായത്തിന് നഷ്ടമായി. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള പൊതുമരാമത്ത് പ്രവത്തികളുടെ രൂപീകരണം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്താൻ കഴിയാതെയും വരുന്നതിനിടയാക്കുന്നു. ഇത് ആത്യന്തികമായി ഫണ്ട് നഷ്ടപ്പെടുന്നതിലേക്കും പഞ്ചായത്ത് പൊതുജനങ്ങൾക്കൾക്ക് സമയബന്ധിമായി ലഭ്യമാകേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസത്തിനും ഇടയാക്കുന്നു.ഓഡിറ്റ് വർഷം പൊതുമരാമത്ത് വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരുടെ സേവനം ലഭ്യമായിട്ടും, പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ആവശ്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

ഓഡിറ്റ് വർഷം പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടില്ല. പദ്ധതി രൂപീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും മേൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതും. പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും ചെറിയ മാറ്റങ്ങളോടെ പ്രവൃത്തി നിർവ്വഹണം ചെയ്യുന്ന ഘട്ടങ്ങളിൽ പോലും വർക്കിംഗ് ഗ്രൂപ്പ് മേൽ മാറ്റങ്ങളുടെ ആവശ്യകത ചർച്ചചെയ്യുകയോ ഇത് സംബന്ധിച്ച ശുപാർശകൾ നൽകുകയോ ചെയ്യുന്നില്ല.

പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് പരിശോധിച്ചതിൽ കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയത് സംബന്ധിച്ച രേഖകൾ എന്നിവ പദ്ധതി എല്ലാ ഫയലിനൊടൊപ്പവും സൂക്ഷിച്ചിട്ടില്ല. മുൻ വർഷത്തെ റിപ്പോർട്ടിൽ ഇത്തരം അപാകതകൾ സംബന്ധിച്ച് പരാമർശമുണ്ടായിട്ടും ഓ ഡിറ്റ് വർഷവും ഇത്തരം അപാകതകൾ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും സമയോചിതമായ ഇടപെടലിന്റെ അഭാവമാണ് ഇത്തരം അപാകതകൾ വീണ്ടും ആവർത്തിക്കുന്നതിന് കാരണമാകുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/19-20/29.07.21) മറുപടി നൽകിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്നു

സ.ഉ. (കൈ)നം.11/2018/തസ്വഭവ, തിരു. തീയതി: 29-01-2018) തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗിന് ഇത് വിനിയോഗിക്കരുതെന്ന് മുൻ വർഷത്തെ പദ്ധതി രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

| പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|
| 48/20 | മഠത്തിക്കണ്ടി റോഡ് | 400282 |
| 50/20 | മാതയോത്ത് ചാൽ കിളിയായ് കോളനിറോഡ് | 160969 |
| 78/20 | ഇല്ല്യംകോട്ട് താഴെ കേളോത്ത് നടപ്പാത | 436447 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19-20/29.7.21) മറുപടി നൽകിയിട്ടില്ല. വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ഈ വിഷയത്തിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. ഭാവിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 സ്പിൽ ഓവർ പ്രവർത്തികൾ സമയ ബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടമാവുന്നു

ചുവടെ ചേർക്കുന്ന പദ്ധതികൾ ഓഡിറ്റ് വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | 125/20 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്റ്റോറേജ് ഷെഡ് നിർമ്മാണം | 800000 |
| 2 | 129/20 | കേളോത്ത്ഭാഗം റോഡ് ടാറിംഗ് | 700000 |
| 3 | 131/20 | ചേർമല ചെരുപ്പേരി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം | 300000 |
| 4 | 135/20 | അങ്കണവാടി സെക്കർ സെന്റർ വൈദ്യുതീകരണം | 75000 |
| 5 | 137/20 | ചെറുവാള്ളൂർ ജി.എൽ പി സ്കൂൾ ഹാൾ വൈദ്യുതീകരണം | 100000 |
| 6 | 138/20 | കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് | 900000 |
| 7 | 142/20 | ആയുർവ്വേദ ആശുപത്രി ടോയ് ലറ്റ് നിർമ്മാണം | 400000 |

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 3275000/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സ്പിൽഓവർ ആയ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/19-20/29.7.21)മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ഫണ്ട് നഷ്ടമായത് സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. ഓരോ വർഷത്തെ പ്രവൃത്തികളും പ്രവർത്തന കലണ്ടർ അനുസരിച്ച് പൂർത്തിയാകുന്നുണ്ടന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-24 സമഗ്ര വിദ്യാഭ്യസ പരിപാടി- പദ്ധതിയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളുടെ കലാ കായിക മേള നടത്തുന്നതിനാണ് ഈ പ്രോജക്റ്റ് നടപ്പാക്കിയത്.പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 22/20 |
| അടങ്കൽ | 50000/- |
| ഫണ്ട് | തനത് |
| ചെലവ് | 50000/- |
| ചെക്ക്നം,തിയ്യതി. | 1409031/ 30.03.20 |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ. തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-3-3 ൽ വിദ്യാർത്ഥികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ വ്യായാമ മുറകൾ സ്ഥിരമായി ആവർത്തിക്കാൻ അവസരം നൽകണം. ഇതിനായി പ്രത്യേകം ഡിസൈൻ ചെയ്ത ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഈ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. എന്നാൽ ഇത്തരം ശ്രമങ്ങൾ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളിൽ നടന്നതായി കാണുന്നില്ല അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19-20/29.07.21) മറുപടി നൽകിയിട്ടില്ല. വിദ്യാർത്ഥികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സ്ഥായിയായ സ്വഭാവമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പകരം കായികമേളകൾ മാത്രം നടത്തുകയും, തുടർപ്രവർത്തനങ്ങൾ നടത്താതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം

അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-25 ഗ്രാമ സുരഭി ഡയറി യൂണിറ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് കറവപ്പശുക്കളെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത് . പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഡി.എഫ്.ഐ |
| പ്രോജക്ട് നം. | 123/20 |
| അടങ്കൽ | 637500/- |
| ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 440000/- |
| ചെക്ക് നം,തിയ്യതി. | 140929/21.12.20 |

1. 2018-19ൽ പ്രോജക്ട് നമ്പർ 155/19പ്രകാരം പദ്ധതി രൂപീകരിച്ചെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് സമയ ബന്ധിതമായി ലഭിക്കാത്തതിനാൽ ആ വർഷം നടപ്പാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ സ്പിൽ ഓവറായി 2019- 20 വർഷത്തിൽ പദ്ധതി നടപ്പാക്കുകയാണുണ്ടായത്. എന്നാൽ ഈ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് അനുവദിച്ച വിഹിതം 06.09.2018 ന് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. 2018-19ൽ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടുകയും, ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും, പദ്ധതി സ്പിൽ ഓവർ ആയി നടപ്പാക്കുകയാണുണ്ടായത്.

2. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് 2019-20 വർഷത്തിലാണ്. 4 , 12 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗ്രാമ പഞ്ചായത്തിനെ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതിന് പകരം ആനുകൂല്യം ചില വാർഡുകളിൽ മാത്രം പരിമിതപ്പെടുത്തി നൽകി. മാത്രമല്ല ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്താൻ പാടില്ല എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

3.സംയുക്ത പദ്ധതികളുടെ കാര്യത്തിൽ സ.ഉ.(കൈ) നം.11/2018/തസ്വഭവ/ തി. 29.01.2018 ഖ.3.5.4 ൽ പരാമർശിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇതിനായി പഞ്ചായത്ത് തൻ വർഷം തുക വകയിരുത്തിയിട്ടില്ല.

4. 25 ഗുണഭോക്താക്കൾക്ക് പശുക്കളെ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത് എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ 34 പേർ ഉണ്ടായിട്ടും 16പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളൂ.

5. നാലാം വാർഡിൽ നിന്ന് ആനുകൂല്യം ലഭിച്ച ലീല തെക്കേ മൊടോങ്ങൽ,രാമല്ലൂർ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിൽ മകൻ രതീഷ് കേന്ദ്ര സർക്കാർ ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാന സംബന്ധിച്ച രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/19-20/21.07.21) മറുപടി സമർപ്പിച്ചിട്ടില്ല. ഈ പദ്ധതിയുടെ കാര്യത്തിൽ പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള ഘട്ടങ്ങളിൽ അപാകതകൾ ഉള്ളതായി കാണുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-26 പെണ്ണാട് വിതരണം രേഖകൾ മുഴുവൻ ഹാജരാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പെണ്ണാട് വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റി.സർജൻ |
| പ്രോജക്ട് നം. | 117/20 |
| അടങ്കൽ | 1200000/- |
| ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ചെലവ് | 485000/- |
| ചെക്ക് നം,തിയ്യതി. | 2324003/28.2.20 |

ഗ്രാമ - ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായാണ് ഇത് നടപ്പാക്കിയിരിക്കുന്നത്. എന്നാൽ സംയുക്ത പദ്ധതികളുടെ കാര്യത്തിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇതിനായി പഞ്ചായത്ത് തൻ വർഷം തുക വകയിരുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, റേഷൻ കാർഡ് കോപ്പി, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീതി, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 15/19-20/29.07.21) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 485000/- തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വരൾച്ചാ കുടിവെള്ളവിതരണം -മേൽനോട്ടത്തിലെ അപര്യാപ്തതമൂലം പഞ്ചായത്ത്ഫണ്ടിന് അധികചെലവും മറ്റ് അപാകതകളും.

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 2.3.19ലെ സ.ഉ.സാധാ.നം500/2019/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾ 31.3.19 വരെ 5.5 ലക്ഷവും,1.4.19 മുതൽ 31.5.19വരെ 11ലക്ഷം രൂപയും (30.6.19 വരെ പിന്നീട് ദീർഘിപ്പിച്ചു) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ നൊച്ചാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ G.P.S. ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് ക്വാട്ട്ചെയ്ത ശ്രീ. യൂസഫ് .ഇ.ടി. കോറോത്ത് എന്നആളുടെ 5000 ലിറ്റർ ടാങ്കർഘടിപ്പിച്ച വാഹനത്തിന് കി.മീറ്ററിന് 300 രൂപ പ്രകാരമുള്ള ടെണ്ടർ അംഗീകരിക്കുകയും 31.3.19 മുതൽ 11.6.19വരെ കുടിവെള്ളം വിതരണം ചെയ്തതിന് 2652692 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. (2ലക്ഷം രൂപ 2021-22 ൽ കുടിശ്ശിക നൽകിയത് ഉൾപ്പെടെ) കെ.എൽ 24.ഇ. 4340 എന്നവാഹനം 31.3.19 മുതലും കെ.എൽ .56.ബി. 7125 എന്ന വാഹനം 14.4.19 മുതലും കുടിവെള്ളം വിതരണം ചെയ്തതിനാണ് മേൽ തുക കരാറുകാരന് അനുവദിച്ചിരിക്കുന്നത്. കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട വൗച്ചറുകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) ടെണ്ടർ നടപടികളിൽ സുതാര്യതകുറവ്. നിയമാനുസൃതം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും 2 പേർ മാത്രം പങ്കെടുത്ത ടെണ്ടറിൽ കരാറുകാരൻ യൂസഫ് ഇ.ടി 300 രൂപ നിരക്കിലും, റഫീഖ് ഇ.ടി എന്നആൾ 325 രൂപ നിരക്കിലും ക്വാട്ട്ചെയ്ത് സമർപ്പിച്ച ടെണ്ടറുകളിൽ കുറവുനിരക്ക് രേഖപ്പെടുത്തിയ ആൾക്കാണ് കരാർ നൽകിയത്.എങ്കിലും രേഖപ്പെടുത്തിയനിരക്ക് താരതമ്യേന കൂടുതലായതിനാൽ തുക കുറവുചെയ്ത് ലഭിക്കാൻ കരാറുകാരനായി നെഗോസിയേഷൻ നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. 20-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കുടിവെള്ളവിതരണം അഭിൻ കൽപത്തൂർ എന്നആൾ കേവലം 64 രൂപ 50 പൈസക്കാണ് ഏറ്റെടുത്തത് എന്നത് ശ്രദ്ധേയമാണ്.

2) ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞാൽ പഞ്ചായത്തുമായി ടെണ്ടർ ലഭിക്കുന്ന ആൾ നിർദിഷ്ട മാതൃകയിൽ മുദ്രപത്രത്തിൽ എഗ്രിമെന്റിലേർപ്പെടേണ്ടതാണെങ്കിലും അത്തരമൊരുകരാറുടമ്പടിഫയലിൽ ലഭ്യമായിട്ടില്ല.

3) സർക്കാർ അനുമതിനൽകിയതിലും വളരെ അധികം തുക പഞ്ചായത്ത് കുടിവെള്ളവിതരണത്തിനായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും അധികം ചെലവഴിച്ച തുകക്ക് സർക്കാർ അനുമതി ലഭ്യമാക്കാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്.

4) പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിക്കാതെയാണ് 22ലക്ഷത്തിൽ പരം രൂപ കുടിവെള്ള വിതരണത്തിനായിചെലവഴിച്ചിരിക്കുന്നത്

5)കരാറുകാരൻ ലഭ്യമാക്കിയ കുടിവെള്ള പരിശോധനറിപ്പോർട്ടിൽ കുടിവെള്ളത്തിൽ കൊളിഫോം ബാക്ടീരിയ അടങ്ങിയതായി കാണുന്നു.ആയത് പരിഹരിക്കാൻ ആരോഗ്യവകുപ്പ് നടപടികൾ കൈകൊണ്ടതായി കാണുന്നില്ല.

6) 29.04.2019ൽ കൂടിയ ധനകാര്യ കാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ വരൾച്ച മൂലം ജനങ്ങൾ വിഷമിക്കുന്ന സാഹചര്യത്തിൽ താൽക്കാലികമായി കുടിവെള്ളവിതരണത്തിനുള്ള തുക തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനും സർക്കാരിന്റെ ബന്ധപ്പെട്ട ഫണ്ടിൽനിന്നും ആയത് ലഭ്യമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല.

7)കുടിവെള്ള വിതരണത്തിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ ജി.പി.എസ്.ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളവിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചതെങ്കിലും 31.3.19ന് കുടിവെള്ളവിതരണം ആരംഭിച്ചങ്കിലും 8.4.19, 7.5-19 തിയ്യതികളിൽ മാത്രമാണ് കുടിവെള്ളം വിതരണം ചെയ്ത വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ചിരിക്കുന്നത്. അതുവരെ ജി.പി.എസ്. ഘടിപ്പിക്കാതെയാണ് വാഹനങ്ങൾ ഓടിയിരിക്കുന്നത്.

8) 27.3-19ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറി മാർക്കയച്ച കത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് സത്വര നടപടികൾ കൈകൊള്ളുന്നതിനും, ആയത് പരിശോധിക്കുന്നതിന് ചാർജ് ഓഫീസറെ നിയമിക്കുന്നതിനും നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ചാർജ് ഓഫീസറെ നിയമിച്ചതായി കാണുന്നില്ല.

9) തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ.(സാധാ)നം 500/19 തി2.3.19 ഉത്തരവിൽ ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെയ്ത് സുതാര്യത ഉറപ്പവരുത്തിയതിന് ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി ചെലവുതുക വിനിയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 05.03.2019ലെ ജില്ലാകലക്ടറുടെ ഉത്തരവിലും വാഹനത്തിന്റെ ജി.പി.എസ്.പരിശോധിച്ച് ജി.പി.എസിൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രമെ തുക അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.പി.എസ്. ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല, ജി.പി.എസ്.ട്രിപ്പ് ഷീറ്റ് പരിഗണിക്കാതെ കരാറുകാരൻ ഹാജരാക്കിയ വാഹനത്തിന്റെ ട്രിപ്പ്ഷീറ്റിന്റെ അടസ്ഥാനത്തിലാണ് തുക നൽകിയത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-4.19ലെ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാസ്ഥലങ്ങളിലും ജി.പി.എസ്. Strength ലഭിക്കാത്തതുകൊണ്ട് കുടിവെള്ള വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ശരിയായ ദൂരം രേഖപ്പെടുത്താൻ കഴിയാത്തതിനാൽ വാടകനൽകുന്നത് ഓരോദിവസവും ശേഖരിക്കുന്നവാഹനങ്ങളുടെ സ്പീഡോമീറ്റർ റിപ്പോർട്ട്, എഡി.എസ്.അംഗങ്ങളുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ചുനൽകുന്നതിന് തീരുമാനിച്ചു. ആയതിന് 4.5.19ൽ കൂടിയ ഭരണസമിതി അംഗീകാരവും ലഭ്യമായിട്ടുണ്ട്. എന്നാൽ അപാകത ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അറിയിച്ച് പരിഹാരനടപടികൾ കൈകൊള്ളാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായ തീരുമാനം കൈകൊണ്ട് കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഹാജരാക്കിയ ട്രിപ്പ്ഷീറ്റുകൾ ആരും പരിശോധിച്ച് ഓടിയ കിലോമീറ്ററിന്റെ കൃത്യത ഉറപ്പവരുത്തിയതായും കാണുന്നില്ല. കറാറുകാരൻ അറിയിക്കുന്ന വാഹനത്തിന്റെ സ്പീഡോമീറ്റർ റീഡിംഗ് ഓരോദിവസവും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതല്ലാതെ ഇതിന്റെ കൃത്യതയും പരിശോധിക്കാൻ സംവിധാനമില്ല. വാർഡ് മെമ്പർ, എ.ഡി.എസ്.എന്നിവർ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട് എന്ന് മാത്രമെ സാക്ഷ്യപ്പെടുത്തുന്നുള്ളൂ. കറാറുകാരൻ ഹാജരാക്കിയ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചതിൽ വാഹനങ്ങൾ തുടർച്ചയായി ഒരു ദിവസം ഓടുന്ന കിലോമീറ്ററാണ് ആയതിൽ രേഖപ്പെടുത്തുന്നത്. ഇതിൽ നിന്നും വാഹനം വെള്ളം ശേഖരിക്കുന്നതിനായി ഓടുന്ന ദൂരം, ഇന്ധനം നിറക്കൽ, റിപ്പയർ പ്രവർത്തികൾ എന്നിവക്കുള്ള ഓട്ടം കുടിവെള്ള വിതരണം ചെയ്തുള്ള മടക്കയാത്ര എന്നിവയെല്ലാം ഉൾപ്പെടുന്നു. പരിശോധനയുടെ അഭാവം മൂലംഇവക്കെല്ലാം തന്നെ കി.മീറ്ററിന് 300 രൂപ നിരക്കിൽ പഞ്ചായത്ത് നൽകേണ്ടി വന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടമുണ്ടാവാൻ ഇടയായിട്ടുണ്ട്.

കരാറുകാരന് കുടിവെള്ള വിതരണത്തിനുള്ള തുക നൽകിയ വൗച്ചറുകൾ പരിശോധിച്ചതിൽ അനുവദനീയമായതിലും കൂടിയതുക കരാറുകാരന് അനുവദിച്ചു കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| വൗച്ചർ നമ്പർ | അനുവദിച്ച തുക | അനുവദനീയമായതുക 1% ITകുറവുചെയ്ത് |
|---|---|---|

| | | |
|---|---|---|
| 21900041 തി. 2.5.19<br>31.3.19മുതൽ 13.4.19 വരെ കുടിവെള്ള വിതരണം നടത്തിയത്. ഓടിയ കി.മീ. 467@300 | 140100 | 138699 |
| 2190072 തി. 17.5.19<br>14.4.19 മുതൽ 30.4.19 വരെ കുടിവെള്ള വിതരണം നടത്തിയത്. ഓടിയ കി.മീ. 1836@300 | 545292 | 545292 |
| 21900089 തി. 28.5.19<br>1.5.19മുതൽ 20.5.19 വരെ കുടിവെള്ള വിതരമം<br>ഓടിയ കി.മീ. .3217@300 | 965100 | 955449 |
| 219000179 തി. 10.7.19<br>21.5.19 മുതൽ 31.5.19വരെ കുടിവെള്ള വിതരണം<br>ഓടിയ കി.മീ. 1674@300 | 502200 | 497178 |
| 21900442 തി. 14.10.19<br>21.5.19 മുതൽ 31.5.19 വരെ കുടിവെള്ള വിതരണം<br>ഓടിയ കി.മി.1492@300 (പരിമിതപ്പെടുത്തിയത്) | 300000 | 443124 |
| 22100054 തി. 20.4.21 (കുടിശ്ശിക നൽകിയത്) | 200000 | --- |
| ആകെ | 2652692 | 2579742 |

മേൽകാണിച്ച കണക്കുപ്രകാരം 74950 രൂപ (2652692-2579742) കരാറുകാരന് അധികമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 21-22 സാമ്പത്തിക വർഷത്തിൽ കരാറുകാരന് കുടിശ്ശിക തുക നൽകുമ്പോൾ ആകെ 9243.5 കി.സഞ്ചരിച്ചതിന് 300 രൂപനിരക്കിൽ 2773050 രൂപക്ക് കരാറുകാരന് അർഹതയുണ്ടെന്നും ആയതിനാൽ നൽകുവാനവശേഷിക്കുന്ന തുകയിൽ 2ലക്ഷം രൂപ അനുവദിക്കാവുന്നതാണെണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻവൗച്ചറുകൾ പ്രകാരം തുക അനുവദിച്ച സമയത്ത് കരാറുകാരൻ തുക അനുവദിക്കുന്നതിനായി പഞ്ചായത്തിൽ വാഹനം ഓടിയ കി.മീ. രേഖപ്പെടുത്തി നൽകിയ അപേക്ഷ, തുക അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട സെക്ഷൻ ആയതിൽ പരിശോധനക്ക് വിധേയമാക്കി തയ്യാറാക്കിയ ഓഫീസ് നോട്ട് എന്നിവയിലൊന്നും (14.10.19ൽ 1.6.19 മുതൽ 11.6.19 വരെയുള്ള കുടിവെള്ള വിതരണത്തിന് പരിമിതപ്പെടുത്തി നൽകിയ 3 ലക്ഷം ഒഴികെ) കരാറുകാന് തുക നൽകാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ കൃത്യത പരിശോധനക്ക് വിധേയമാക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ആയത് നിർവഹിക്കുന്നതിൽ വന്ന വീഴ്ചയും സെക്രട്ടറി ഉൾപ്പെടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിൽ വന്ന മേൽനോട്ട കുറവുമാണ് ഇത്തരത്തിൽ തുക നൽകാൻ ഇടയാക്കിയത്. കരാറുകാരന് അധികം നൽകിയ 74950രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ട് |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 2380000 | ഭൂമിയുള്ള ഭൂരഹിതർക്ക് വീട് ലൈഫ് | 2380000 | 0 |
| | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബത്ത | 200000 | |
| | 2019-20 | 150000 | ക്ഷീരഗ്രാമം ഡയറി യൂണിറ്റ് | 150000 | |
| | 2019-20 | 1413783 | ഭൂമിയുള്ള ഭൂരഹിതർക്ക് വീട് ലൈഫ് പട്ടികജാതി | 1413783 | 0 |
| | 2019-20 | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 | 0 |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 550000 | ഭൂമിയുള്ള ഭൂരഹിതർക്ക് വീട് ലൈഫ് | 550000 | 0 |
| | 2019-20 | 800000 | മിൽക്ക് ഇൻസെന്റീവ് | 800000 | 0 |
| | 2019-20 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത | 250000 | 0 |
| | 2019-20 | 467500 | ക്ഷീരഗ്രാമം യൂണിറ്റ് | 467500 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2018-19/ജി.ഒ (എം.എസ്)68/2018/ തസ്വഭവ തി.18.05.2018 | 5820000 | 9781250 | 1308824 | | 14292426 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2647946 |
| തൻവർഷം നിക്ഷേപിച്ച തുക | 237414 |
| ആകെ | 2885360 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2885360 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നം-2470 | | 1 വർഷം | 2875360 | |
| 2 | ഇ.എം.എസ് സഹകരണ ആശുപത്രി | | | 10000 | |
| ആകെ | | | | 2885360 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ 19433/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-2(4) | 2400 | | 119010100162/03.05.2019 |
| 2010-11&2011-12 | 3-11 | 238 | | 119010100340/21.05.2019 |
| 2010-11&2011-12 | 3-11 | 45 | ശ്രീ.പി കുഞ്ഞിരാമൻ | 119010100341/21.05.2019 |
| 1998-99 | 32 | 4710 | | 119010100343/21.05.2019 |
| 1998-99 | 33 | 396 | ശ്രീ.ഇ മോഹൻദാസ് | 119010100344/21.05.2019 |
| 1998-99 | 34 | 2964 | ശ്രീ.ഇ മോഹൻദാസ് | 119010100345/21.05.2019 |
| 2008-09 | 3-8 | 2200 | ശ്രീ.കെ ഗോപാലൻ സെക്രട്ടറി (റിട്ടയേർഡ്) | 119010101187/16.08.2019 |
| | | 960 | ശ്രീ.അബ്ദുൾസലാം, തൊഴിൽ നികുതി | 119010103525/31.03.2020 |
| | | 2400 | സി.കെ ബിൽഡിംഗ് മെറ്റീരിയൽസ് കൈതക്കൽ | 119010103526/31.03.2020 |
| | | 960 | പടിയങ്ങൽ ട്രേഡേഴ്സ് , തൊഴിൽ നികുതി | 119010103534/31.03.2020 |
| | | 1440 | സന്തോഷ് കുമാർ , ക്വാറി നൊച്ചാട് | 119010103547/31.03.2020 |
| 2018-19 | | 720 | ശിവാനന്ദ ഫാർമസ്യൂട്ടിക്കൽസ് | 119010103560/31.03.2020 |
| ആകെ | | 19433 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14.119 | കുടിവെള്ള ജലസേചന പദ്ധതികൾ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | വീട് റിപ്പയർ ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5-211 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 14123113.27 |
| ഓഡിറ്റ് വർഷത്തെ വരവ് | 76323222 |
| ആകെ | 9044633527 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79798023 |
| നീക്കിയിരിപ്പ് | 10648312.27 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1302442 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1-13) | | 74950/- | ശ്രീ.പി നാരായണൻ സെക്രട്ടറി |
| ആകെ | | 74950/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

1272442/-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 783602/- | ശ്രീ.പി നാരായണൻ സെക്രട്ടറി |
| 1-15 | 9258/- | |
| 1-18 | 24582/- | |
| 1-26 | 485000/- | ഡോ.വിജിത സി,വെറ്ററിനറി സർജൻ |
| ആകെ | 1302442/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.നാരായണൻ സെക്രട്ടറി | സെക്രട്ടറി നൊച്ചാട് ഗ്രാമ പഞ്ചായത്ത് | പുലുക്കിൽ (വീട്) കായണ്ണബസാർ പി.ഒ, 673525 |
| ഡോ. വിജിത. സി വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി പേരാമ്പ്ര. | ആലോക്കുട്ടത്തിൽ (വീട്), പേരാമ്പ്ര പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി8/2540/18 തീ.30.04.2018 | 3 (32,33,34) |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(3) തീ.02.12.2020 | 2 (3,5) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(5) തീ.02.12.2020 | 5 (3-3(എ), 3-4, 3-5(എ,ബി),3-7) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(6) തീ.02.12.2020 | 9 (3-2,3-5(2,3),3-7(2), 3-10, 3-11(3,4) 3-12(2,3) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(7) തീ.02.12.2020 | 19 (2-4, 2-9,2-10,2-11, 3-2,3-3,3-7, 3-8, 3-10, 3-12, 3-13,3-15,3-16, 3-17) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(8) തീ.02.12.2020 | 5 3-1, 3-3, 3-4,3-6, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/2540/18 തീ.30.04.2018 | 5 3-1, 3-3, 3-4, 3-5, 3-8, |
| 2010-11,2011-12 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(10) തീ.02.12.2020 | 4 3-4, 3-7, 3-16,3-25 |
| 2012-13,2013-14 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(11) തീ.02.12.2020 | 6 3-2, 3-3, 3-7,3-10(2), 3-17,3-20 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(12) തീ.02.12.2020 | 2 3-1,3-2 |
| 2015-16 | കെ എസ് എ കെ.കെ.ഡി/പി 4/2098/2016 തീ.5.5.17 | 36 2-1,2-2,2-3,2-4,2-5,2-6,2-7, |

| | | |
|---|---|---|
| | | 2-8 3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8 3-9,<br>3-10,3-11,3-12,3-13,3-14,<br>3-15,3-16,3-17,3-18,3-19,3-20,<br>3-21,3-22,3-23,3-24,<br>3-25,3-26,3-27,3-28 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി8/558/2021<br>തീ.12.04.21 | 222-1, 2-2, 2-3,<br>2-4, 2-5, 3-1,3-2, 3-3, 3-4,<br>3-5,3-7, 3-8, 3-9,<br>3-10, 3-11, 3-12,3-13,<br>3-15,3-16, 3-18,3-19, 3-20 |
| 2017-18 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/672/21<br>തീ. 12.04.2021 | 3-9,3-11,3-12,3-16 |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/171/20<br>തീ. 14.5.2020 | 13<br>1-3(6,7,9,13,14), 1-7(ബി,സി,ഡി),<br>1-8,1-10,1-11,1-12,1-13 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്